"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താത്കാലിക അടിസ്ഥാനത്തിൽ നിയുക്തരായിട്ടുള്ള ശുചീകരണജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിക്കുവാനും എണ്ണംവർദ്ധിപ്പിക്കുവാനും അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1926/2025/LSGD തിരുവനന്തപുരം,തീയതി, 04-08-2025

---

പരാമർശം:-
1. 18.11.2024-ലെ സ.ഉ (സാധാ) 2233/2024/LSGD നം. ഉത്തരവ്
2. 23.04.2025-ലെ സ.ഉ (സാധാ) 1014/2025/LSGD നം. ഉത്തരവ്
3. മൊറയൂർ & അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് അധ്യക്ഷരുടെ യഥാക്രമം 12.06.2025, 19.06.2025 തീയതികളിലെ കത്തുകൾ

**<u>ഉത്തരവ്</u>**

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ശുചീകരണ ജീവനക്കാരുടെ അഭാവം ഒഴിവാക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ഉപയോഗിച്ച് അത്യാവശ്യംവരുന്ന ശുചീകരണജീവനക്കാരെ ക്യാമ്പയിൻ കാലാവധിയായ 2025 മാർച്ച് 30വരെ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത നിയമനകാലാവധി 2025 മാർച്ച് 31 മുതൽ മൂന്ന് മാസം കൂടിയും, ഇതിനിടയിൽ പൊതു അജൈവ മാലിന്യശേഖരണ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കുന്ന തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ മാത്രം വീണ്ടും മൂന്ന് മാസത്തേക്കു കൂടിയും ദീർഘിപ്പിക്കുവാൻ അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ഇപ്രകാരം നിയമിതരായ ജീവനക്കാരുടെ സേവനകാലാവധി 30.06.2025-ൽ അവസാനിച്ചിട്ടുള്ളതിനാൽ, പ്രസ്തുതഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ സേവനകാലാവധി തുടർന്നും ദീർഘിപ്പിക്കുവാൻ പരാമർശം (3) പ്രകാരം അപേക്ഷ ലഭ്യമായിട്ടുണ്ട്.

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ക്യാമ്പയിൻ കാലാവധിയായ 2025 ജൂൺ 30വരെ മാത്രം താത്കാലികാടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിട്ടുള്ളതും കാലാവധിക്കുശേഷവും ജോലിയിൽ തുടർന്നുവരുന്നതുമായ കണ്ടിജന്റ് ജീവനക്കാരുടെ സേവന കാലാവധി , ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി 2025 ജൂൺ 30 മുതൽ ആറുമാസത്തേക്കു കൂടി ദീർഘിപ്പിക്കുവാവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുംപ്രകാരം വർദ്ധിപ്പിച്ചിക്കുവാനും അനുമതി നൽകി ഉത്തരവാകുന്നു.

1) ശുചീകരണ ജീവനക്കാരുടെ എണ്ണം ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 15-ഉം ഗ്രേഡ് 2&3 മുനിസിപ്പാലിറ്റികളിൽ 25-ഉം ഗ്രേഡ് 1 മുനിസിപ്പാലിറ്റിയിൽ 50-ഉം കോർപ്പറേഷനുകളിൽ 200-ഉം ആയി നിജപ്പെടുത്താവുന്നതാണ്.

2) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയുക്തരായിട്ടുള്ള ശുചീകരണ ജീവനക്കാരെ പൂർണ്ണമായി വിന്യസിച്ചതിനുശേഷവും ജീവനക്കാരുടെ ആവശ്യകത നിൽനിൽക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ മേൽപറയും പ്രകാരം നിയമനം നടത്തുവാൻ പാടുള്ളൂ .

3) ഗ്രാമപഞ്ചായത്തുകളിൽ ബോട്ടിൽബൂത്ത് ഉൾപ്പെടെയുള്ള ബിന്നുകൾ ചുരുങ്ങിയത് 50 എണ്ണം എല്ലാ ജംഗ്ഷനുകളിലും ടൂറിസത്തിനു പ്രാധാന്യമുള്ള തിരക്കേറിയ പ്രദേശങ്ങളും മേഖലകളും കേന്ദ്രീകരിച്ച് സ്ഥാപിക്കേണ്ടതും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം ഏറ്റവും കുറഞ്ഞത് 200, 500 വീതം ബിന്നുകൾ സ്ഥാപിക്കേണ്ടതുമാണ് .

4) ശുചീകരണ ജീവനക്കാരെ നിയമിക്കുന്നതിന് മുൻപായിത്തന്നെ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കപ്പെട്ടുവെന്നു ഉറപ്പുവരുത്തേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്.

5) ശുചീകരണ ജോലികൾക്കായി നിയോഗിതരായിട്ടുള്ള മേൽജീവനക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മാലിന്യശേഖരണ ബിന്നുകളുടെ പരിപാലനം കൃത്യമായും നിർവഹിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത ജീവനക്കാരെ ജോലിയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

6) തനതുഫണ്ട്, മാലിന്യസംസ്കരണ ഫണ്ട്, CSR ഫണ്ട് എന്നിവ മാത്രമേ ഇതിനായി ഉപയോഗിക്കുവാൻ പാടുള്ളൂ .

പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 05-08-2025 10:18:54
സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ-യ്ക്ക്